ലിഫ്റ്റ് ഇറിഗേഷൻ.

* 690. [49] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിഫ്റ്റ് ഇറിഗേഷൻ നടക്കുന്ന സ്ഥലങ്ങളിൽ സാധാരണയായി ഏക്കറിന് എന്തുവീതമാണ് ജലനികുതി ഈടാക്കുന്നത് ;

(ബി) തൃശ്ശൂർ താലൂക്കിൽ മനയ്ക്കം, കൊഴക്കുള്ളി വില്ലേജുകളിൽ ഏക്കറിന് 25 ക. വീതം ജലനികുതി പിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ് ;

(സി) ജലനികുതി എല്ലായിടത്തും സമീകരിക്കാൻ നടപടി എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ, ബി, സി) ലിഫ്റ്റ് ഇറിഗേഷൻ മൂലം പ്രയോജനം സിദ്ധിക്കുന്ന സ്ഥലങ്ങളിൽ ഏക്കറിന് 25 രൂപ എന്ന നിരക്കിലാണ് ജലനികുതി ചുമത്തിയിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്തെ യാതൊരു പ്രദേശത്തും ഇതിനു വ്യത്യസ്തമായ ഒരു നിരക്ക് ചുമത്തിയിട്ടില്ല.

ഈ നിരക്ക് കൂടുതലാണെന്നു കാണിച്ചു കർഷകരിൽനിന്നും, പൊതുജനപ്രതിനിധികളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നികുതി കുറയ്ക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു തീരുമാനം എടുക്കുന്നതുവരെ കരം പിരിവ് നിറുത്തിവച്ചിട്ടുണ്ട്.

UNSTARRED QUESTIONS AND ANSWERS.

ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ സ്ഥിരപ്പെടുത്തലുകൾ.

338. [3] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ടാൻസ്പോർട്ട് സമരത്തോടനുബന്ധിച്ച് സസ്പെൻഡ് ചെയ്ത തൊഴിലാളികളുടെ ഒഴിവുകളിൽ ജോലിക്കെടുത്ത തൊഴിലാളികളെ മറ്റുള്ളവരോടൊപ്പം സകല ആനുകൂല്യങ്ങളും ലഭിക്കത്തക്കവിധം സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ടാൻസ്പോർട്ട് എൻക്വയറി കമ്മീഷൻ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ ;

(സി) കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ?

ഉത്തരം.

(എ) ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ജോലിക്കാർ പണിമുടക്കുകാലത്ത് ജോലിക്കു ഹാജരാകാതിരുന്നതുകൊണ്ട് കുറച്ചുപേരെ അക്കാലത്തേക്ക് വെളിയിൽനിന്നും റിക്രൂട്ടുചെയ്തിരുന്നു. ഇതിൽനിന്നും 100 കണ്ടക്ടറന്മാരെയും, 25 ഡ്രൈവറന്മാരെയും, 15 മെക്കാനിക്ക്

LIBRARY ARCHIVES Kerala Legislative Assembly